

# വിശ്വരൂപം

**കഥ-ലളിതാംബിക അന്തർജനം**


**സുരേഷ് അരീക്കോട്**
എച്ച്.എസ്.എ മലയാളം,
ഗവ.എച്ച്.എസ്.എസ്,
അരീക്കോട് മലപ്പുറം ജില്ല.
Mob: 9562521509




മലയാളകഥകളുടെയും നോവലിന്റെയും നവോത്ഥാനത്തിൽ മുഖ്യപങ്കുവഹിച്ച എഴുത്തുകാരി. നമ്മുടെ സാഹിത്യത്തിലെ സ്ത്രീപക്ഷ കാഴ്ചപ്പാടുകളുടെയും പുരോഗമന ചിന്തകളുടെയും കൊടിയടയാളമാണ് അവരുടെ ഓരോ രചനകളും. വിശ്വരൂപം ഒരു ചെറുകഥയാണ്. മിസ്സിസ് തലത്തിന്റെ ജീവിതത്തിന്റെ പല ഏടുകൾ പ്രമേയമാവുന്ന ഈ കഥയിൽ സ്നേഹബന്ധങ്ങുടെ പൊരുത്തങ്ങളും പൊരുത്തക്കേടുകളും വായിച്ചെടുക്കാം. മാഡം തലത്ത് അഥവാ മിസ്സിസ് തലത്ത് അമ്മയായി പരിണമിക്കുന്ന കലാഗതിയിലൂടെ ജീവിതത്തിലെ വ്യത്യസ്ത ഭാവങ്ങൾ ആവിഷ്കരിക്കുന്നു. ജീവിതാനുഭവങ്ങൾ കഥാനായികയെ സ്വയം പാകപ്പെടുത്തുകയായിരുന്നു. കഥയുടെ ആസ്വാദനം, വ്യക്തി, കുടുംബ-സാമൂഹ്യ ബന്ധങ്ങളെക്കുറിച്ചും വായനക്കാർക്ക് കൂടുതൽ ഉൾക്കാഴ്ച നൽകുന്നു.

❖ കഥാപാത്രങ്ങൾ- വൃദ്ധയും സുധീറും തമ്മിലുള്ള ബന്ധം-വർഷങ്ങൾക്കു ശേഷമുള്ള കണ്ടുമുട്ടൽ.
വൃദ്ധയുടെ വൈകാരികാവസ്ഥ-വൃദ്ധയുടെ ജീവിതത്തിലെ വഴിത്തിരിവുകൾ
വൃദ്ധയേയും അയാളെയും (സുധീർ) തമ്മിൽ ചേർക്കുന്ന മറ്റൊരു വ്യക്തിയുടെ സ്മരണ.
ആ വ്യക്തിയുടെ (മിസ്റ്റർ തലത്ത്) അസാന്നിദ്ധ്യം.
മിസ്സിസ് തലത്ത്-താഴത്തു കുഞ്ഞിക്കുട്ടി അമ്മായി-വീണ്ടും പരിണമിക്കുന്ന അവസ്ഥ.

❖ രൂപംകൊണ്ട് പിടികിട്ടാത്ത വ്യക്തിയെ സ്വരം കൊണ്ടു തിരിച്ചറിഞ്ഞ് അയാളും അമ്പരന്നിരുന്നു.
സുധീർ-മിസ്സിസ് തലത്ത്-പരസ്പരം തിരിച്ചറിയുന്നു. അത്ഭുതം എന്ന ഭാവം.
കാലം വരുത്തിയ മാറ്റങ്ങളാണ് കാരണം.
അവർ തമ്മിലുള്ള ആഴത്തിലുള്ള മുൻപരിചയം തിരിച്ചറിയാൻ കാരണമായി.
മിസ്സിസ് തലത്തിന് ജീവിതത്തിൽ വന്ന മാറ്റങ്ങൾ.
ഭർത്താവിനൊപ്പമുള്ള ഉയർന്ന തലത്തിലുള്ള ജീവിതം.
ഭർത്താവിന്റെ വിയോഗം. മക്കളുപേക്ഷിച്ച അവസ്ഥ.
അഞ്ചാമതൊരു മകനായി സുധീർ. മാഡം തലത്തല്ല-ലേഡിയല്ല-സാമൂഹ്യപ്രവർത്തകയല്ല- അമ്മ-വെറും അമ്മ (താഴത്തു കുഞ്ഞുക്കുട്ടിയമ്മ)

❖ ചക്രവർത്തിയുടെ ജന്മമാണ് അവർക്ക്. ആരുടെ മുന്നിലും തലകുനിക്കില്ല. അവർ തല കുനിച്ചു.
മിസ്സിസ് തലത്തിന്റെ ജീവിതത്തിലെ രണ്ടവസ്ഥകളാണ് ഈ പ്രയോഗത്തിലുള്ളത്.
ആരുടെ മുന്നിലും തല കുനിക്കാത്ത മിസ്സിസ് തലത്തിന്റെ ഇന്നലെകൾ.
പരിഷ്കാരി, തന്റേടി, സമ്പന്ന.
സുധീറിന്റെ മുന്നിൽ അലിവ് (ദയ) ഉള്ള അമ്മ. (ഭൂതകാല സ്വഭാവം-വർത്തമാനകാല ദൃശ്യം.
സുധീറിന് സ്വന്തം കൈകൊണ്ട് പാകം ചെയ്ത കാപ്പി കൊടുക്കുന്ന സന്ദർഭം.
മിസ്സിസ് തലത്തിന്റെ ജീവിതത്തിൽ വന്നുചേർന്ന പരിണാമം.

❖ കാലത്തിനും ദേശത്തിനും അനുസരിച്ച് ജീവിതം സ്വയം രൂപപ്പെടുകയാണ്.
മിസ്സ്സ് തലത്ത്-സ്വീകരണമുറി, നാടകശാല, ക്ലബ്ബുകളിൽ നിന്ന് ക്ലബ്ബുകളിലേക്ക് പാറി നടന്നു. പ്രസവിച്ചു എന്ന് തോന്നില്ല. പൗരസ്ത്യ സംസ്കാരം മറന്നു. വീട്ടിലെ അവസ്ഥ.
മാറ്റം-മാഡമല്ല-തലത്തല്ല-അമ്മ-ലളിതമായ ജീവിതം-കാലം വരുത്തിയ മാറ്റം-വ്യതസ്തമായ ജീവിതം

❖ ഞാൻ ഇന്ത്യയിൽ ജനിക്കാൻ ആഗ്രഹിക്കുന്നു മാഡം-ഇന്ത്യ എത്ര നല്ല രാജ്യമാണ്.
ന്യൂയോർക്കിലെ പാർക്ക്-ഇളംവെയിൽ കായാൻ വന്നിരിക്കുന്ന വൃദ്ധൻ.
ഭാരതീയസംസ്കാരം-വ്യക്തി, കുടുംബം, സാമൂഹ്യബന്ധങ്ങൾ
ഇന്ത്യയുടെ ഭൂമിശാസ്ത്ര വൈവിധ്യം.
മാതാപിതാ ഗുരു ദൈവം-കുടുംബം-ഊഷ്മള സ്നേഹം-കുടുംബ ബന്ധങ്ങൾ (ഈ അവസ്ഥക്കു വന്ന മാറ്റം പ്രതികരണമായി ചേർക്കുക)-അണുകുടുംബം, വാർധക്യത്തിലെ അവസ്ഥ, വൃദ്ധസദനങ്ങൾ, അമ്മത്തൊട്ടിൽ-യുവതലമുറ.

❖

രാവിലൊന്നുണരുമ്പോളമ്മക്ക് കൈനീളുന്നു.
പൂവുടലേതോ തൊട്ടുതടവാൻ തഴുകുവാൻ
ഏറെനാളായി കുനുകൂന്തളച്ചുരുൾ ചാർത്താർ
ന്നോരിളം ശിരസ്സുതച്ചാർ ചേർന്നിട്ടെന്നാകിലും......

- ബാലാമണിയമ്മ.

ആശയം വിശകലനം ചെയ്ത് കഥയിലെ സമാന സന്ദർഭങ്ങൾ കണ്ടെത്തുക.

- മാതൃസ്നേഹം (തലോടൽ, വാത്സല്യം, കരുതൽ) വ്യത്യസ്ത ഭാവങ്ങൾ
- കുഞ്ഞിനോടുള്ള അമ്മയുടെ സ്നേഹം

വിശ്വരൂപത്തിൽ (കഥയിൽ) -കുട്ടികളെ ബോർഡിംഗിലാക്കി-ആയ നോക്കി-
കുട്ടികളെ അമ്മ വളർത്തണം. ശാസന, ലാളന, കരുതൽ വേണം-കുട്ടികളുമായി കൂട്ടുകൂടണം.
പാട്ടുപാടണം, ഒന്നായി വളരണം.

- ലേഡി തലത്ത്-അമ്മയുമായുള്ള പരിണാമം. കുട്ടികളെ നന്നായി നോക്കാൻ കഴിയാതെ പോയ ദുഃഖം.

- ❖ മാഡം തലത്ത് മരിച്ചു പോയി മോനേ..ഡോക്ടർ തലത്തിനൊപ്പം അവരും പോയി.

ഇത് അമ്മയാണ്-താഴത്തു കുഞ്ഞുക്കുട്ടിയമ്മ.

- മിസ്സിസ് തലത്തിന്റെ താപസോചിതമായ വേഷം-അവരുടെ ജീവിതത്തിൽ വന്ന മാറ്റത്തിന്റെ പ്രതിഫലനം.
- മിസ്റ്റർ തലത്തിനു വേണ്ടി പരുവപ്പെടുത്തിയ ജീവിതം. കുട്ടികളെ ലാളിച്ചില്ല, സ്നേഹിച്ചില്ല, വളർത്തിയില്ല.
- തലത്തിന്റെ മരണത്തോടെ ലേഡി തലത്തായുള്ള ജീവിതം അവസാനിപ്പിച്ചു.
- പഴയ ജീവിതം തിരിച്ചെടുക്കുകയാണ്. വേദനയും കുറ്റബോധവും നിഴലിക്കുന്നു.
- മിസ്സിസ് തലത്ത് അമ്മയായി പരിണമിക്കുന്നത്.
- തലത്തിന്റെ മക്കളുടെ അവസ്ഥ-സുധീർ അഞ്ചാമതൊരു മകൻ.

❖ **വിശ്വരൂപം-തലക്കെട്ടിന്റെ ഔചിത്യം:**

- മിസ്സിസ് തലത്തിന്റെ ജീവിതം-ഡോ. തലത്തിന്റെ മരണത്തെത്തുടർന്നുണ്ടായ മാറ്റം.
- കുട്ടികളെ വളർത്താത്ത അമ്മ, അഞ്ചാമത്തെ കുട്ടിയായിക്കണ്ട സുധീറുമായുള്ള പിൽക്കാല കണ്ടുമുട്ടൽ.

ഡോ. തലത്തിനുവേണ്ടി രൂപപ്പെടുത്തിയ വ്യക്തിത്വം.

- സ്ത്രീയിൽ ജന്മസിദ്ധമായ മാതൃസ്വഭാവത്തിലേക്കുള്ള തിരിച്ചുപോക്ക്.
- മാതൃത്വത്തിന്റെ വിശ്വരൂപം സ്വയം പ്രകടമാവുന്ന അമ്മയായ താഴത്തു കുഞ്ഞുക്കുട്ടിയമ്മ-കഥ അവസാനിക്കുന്നത് -അമ്മയുടെ കടമ മറന്നുപോയി-വിഷമിക്കുന്ന വൃദ്ധ-അമ്മഭാവം- എത്ര വളർന്നിട്ടും അമ്മയാകാൻ കഴിഞ്ഞില്ല.
- അമ്മയുടെ രൂപമാണ് സ്ത്രീയുടെ വിശ്വരൂപം എന്ന തിരിച്ചറിവ്.

❖ **പ്രസംഗം:** കുട്ടികളെ അമ്മ വളർത്തണം-ശാസിക്കയും, ലാളിക്കയും, കൂട്ടുകൂടുകയും ചെയ്യണം. എങ്കിലേ അമ്മ എന്നത് കുട്ടികളുടെ ഒരു ഭാഗവും കുട്ടികൾ അമ്മയുടെ ഭാഗവുമായിത്തീരുകയുമുള്ളു.

പ്രിയമുള്ളവരെ,

"മനുഷ്യൻ ഉച്ചരിച്ച ഏറ്റവും മനോഹരമായ പദം-അമ്മ"

- ഖലീൽ ജിബ്രാൻ

മാതൃത്വത്തിന്റെ മഹത്വം, ശിശുസംരക്ഷണം. പ്രസക്തി

അമ്മയുടെ സംരക്ഷണം ആവശ്യമുള്ള സാഹചര്യം-അമ്മയ്ക്ക് പകരം വെക്കാൻ മറ്റൊന്നില്ല-സോഷ്യൽ സ്റ്റാറ്റസ് ഉയർത്തിപ്പിടിക്കാനുള്ള നെട്ടോട്ടം-കുട്ടികൾക്ക് അവഗണന-കുട്ടികൾ പീഡിപ്പിക്കപ്പെടുന്നത്-സ്ത്രീയുടെ വിശ്വരൂപം- അമ്മ എന്ന പദവി.

- വഴിതെറ്റുന്നവർ-നിയന്ത്രണം വേണം
- ശാരീരിക, മാനസിക വളർച്ച-നല്ലശീലം, സ്വഭാവം-സമൂഹസ്നേഹം-അമ്മയുടെ പങ്ക്
- കുട്ടിയോടൊപ്പമുള്ള ജീവിതം-ലാളന, ശാസന, അവസരങ്ങൾ ഒരുക്കൽ.
- കുട്ടിയെ നോക്കിയില്ലെങ്കിലും 'പട്ടിയെ'നോക്കുന്ന കൊച്ചമ്മ സംസ്കാരം-ദോഷം.
- കുടുംബം, സമൂഹം-ഭാവിപൗരന്മാർ-"നൽകുന്നതേ തിരികെ ലഭിക്കൂ"
- വീട്, വിദ്യാലയം, മാതാപിതാക്കന്മാർ, ഗുരുക്കന്മാർ, സന്തുഷ്ട കുടുംബം-നല്ല വ്യക്തിത്വം.
- അ-അമ്മ, അന്നം, അറിവ്- അറിവ് വികാരം.
- ബന്ധങ്ങൾ പിരിഞ്ഞ കുടുംബത്തിലെ കുട്ടികൾ സാമൂഹ്യ പ്രശ്നക്കാരായി മാറുന്നു.
- ആരോഗ്യമുള്ള കുടുംബ ബന്ധങ്ങൾ-അമ്മക്ക് മഹനീയമായ സ്ഥാനമുണ്ട്.
- മാതാവ് തന്റെ കടമ തിരിച്ചറിയുമ്പോൾ നന്മയുള്ള സമൂഹം സൃഷ്ടിക്കപ്പെടും.
- ജനനീ ജന്മഭൂമീശ്ച, സ്വർഗാദപീഗരീയസി (മാതാവും മാതൃഭൂമിയും സ്വർഗങ്ങളേക്കാൾ ശ്രേഷ്ഠമാണ്) - അമ്മയുടെ മഹത്വം വിളിച്ചോതുന്നു.
- കുട്ടികളെ വളർത്താൻ ആയ വേണ്ട. അനാഥത്വമില്ലാതാക്കാം. -വൃദ്ധസദനങ്ങൾ പെരുകാതിരിക്കട്ടെ- അമ്മത്തൊട്ടിലുകൾ ഉണ്ടാവാതിരിക്കട്ടെ.
- വിശ്വരൂപം-തലക്കെട്ടിന്റെ ഔചിത്യം കൂട്ടിച്ചേർത്ത് പ്രസംഗം അവസാനിപ്പിക്കാം.

നന്ദി, നമസ്കാരം.

**വിഗ്രഹങ്ങൾ......വിഗ്രഹാർത്ഥങ്ങൾ :**

| | |
|---|---|
| പൂരിതാഭ - പൂരിതമായ ആഭ | പരിഹാസചതുരൻ - പരിഹാസത്തിൽ ചാതുര്യമുള്ളവൻ |
| ഗ്രാമീണാന്തരീക്ഷം - ഗ്രാമീണമായ അന്തരീക്ഷം | ആശ്രമവാസി - ആശ്രമത്തിൽ വസിക്കുന്നവൻ |
| ബിംബഭഞ്ജകൻ - ബിംബത്തെ ഭഞ്ജിക്കുന്നവൻ | താംബൂലചർവ്വണം - താംബൂലം ചർവ്വണം ചെയ്യൽ |
| ഏകാന്ത ശവകുടീരം - ഏകാന്തമായ ശവകുടീരം | സിംഹബാലകൻ- സിംഹത്തിന്റെ ബാലകൻ (കുട്ടി) |
| നാവേറുമന്ത്രം - നാവേറു തട്ടാതിരിക്കാനുള്ള മന്ത്രം | മഹർഷിബാലൻ - മഹർഷി വളർത്തിയ ബാലൻ |
| ഋതുയോഗം - ഋതുക്കളുടെ യോഗം | പല്ലിൻമൊട്ടുകൾ - പല്ലുകളാകുന്ന മൊട്ടുകൾ |